(ബി&സി) ലൈബ്രേറിയൻ നിയമനം അംഗീകരിക്കാൻ ഒരു കേസ്സിൽ ഹൈക്കോടതി ഉത്തരവായി. പ്രസ്തുത വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. ഇതിന്മേലുള്ള വിധി ന്യായത്തിൽ സാമ്പത്തിക ബാദ്ധ്യത കൂടി കണക്കിലെടുത്ത് തീരുമാനമെടുക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടറോട് സുപ്രീം കോടതി നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ 2006-നുശേഷമുള്ള പി.എഫ്. ക്രെഡിറ്റ് കാർഡ്

77(766) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ 2006-ന് ശേഷമുള്ള പി.എഫ്. ക്രെഡിറ്റ് കാർഡ് വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇവരുടെ ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 2006-07 വർഷത്തെ ക്രെഡിറ്റ് കാർഡുകളുടെ വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

അയോഗ്യരായ വിധികർത്താക്കളെ പാനലിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി

78(767) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയത്ത് നടന്ന സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ ഓടക്കുഴൽ മത്സരത്തിൽ വിധികർത്താവായിരുന്ന ശ്രീ. ടി. കെ. ജയരാമന്റെ പിതാവ് ഡോ. റ്റി. കെ. മൂർത്തി ഇതേ കലോൽസവത്തിന്റെ അപ്പീൽ കമ്മിറ്റി അംഗമായിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മത്സരത്തിലെ വിധികർത്താക്കളിൽ ഒരാളുടെ പിതാവ് അപ്പീൽ കമ്മിറ്റിയിൽ ഇരുന്ന് അപ്പീൽ കേട്ട സാമാന്യ നീതിക്ക് നിരക്കാത്ത നടപടി റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ വർഷത്തെ കലോൽസവ അപ്പീൽ കമ്മിറ്റി അംഗമായിരുന്ന ഡോ. റ്റി. കെ. മൂർത്തിയുടെ മകനെ വിവിധ മത്സരങ്ങളിലെ വിധി കർത്താവായി നിശ്ചയിച്ച അനൗചിത്യത്തിനും, അനീതിക്കും കാരണക്കാർ ആരെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോട്ടയം കലോൽസവത്തിൽ, ഇതേ അച്ഛൻ അംഗമായിരുന്ന അപ്പീൽ കമ്മിറ്റി, ഇതേ മകൻ വിധികർത്താവായിരുന്ന ഏതെല്ലാം മത്സര ഇനങ്ങളുടെ അപ്പീലുകളാണ് കേട്ടത് ;

(ഇ) മേൽപ്പറഞ്ഞ ജയരാമൻ, ക്ലാസിക്കൽ ഉപകരണ സംഗീതവുമായി യാതൊരു ബന്ധവുമില്ലാത്ത ആളാണെന്നതും അദ്ദേഹം ആകാശവാണി മദ്രാസ് നിലയത്തിൽ ലളിതസംഗീതം മാത്രമാണ് കൈകാര്യം ചെയ്യുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ജഡ്ജസിനെ നിശ്ചയിച്ചതിൽ ഗുരുതരമായ വീഴ്ച വരുത്തിയത്തണെന്ന കാര്യം അന്വേഷിച്ച് അത്തരക്കാരുടെ മേൽ നടപടി സ്വീകരിക്കുകയും ഇത്തരം അയോഗ്യരായ ആൾക്കാരെ പാനലിൽനിന്നും ഭാവിയിൽ ഒഴിവാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡോ. റ്റി. കെ. മൂർത്തി ഇന്ത്യയിൽ തന്നെ വളരെ പ്രഗൽഭനായ മൃദംഗ വിദ്വാനും ഒരു മഹത് വ്യക്തിത്വത്തിന്റെ ഉടമയുമാണ്. വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകളിൽ തന്റെ മേധാശക്തിയെക്കുറിച്ച് വിലിയിരുത്തുന്നതിൽ സാമാന്യനീതിക്ക് നിരക്കാത്ത കാര്യം ചെയ്യുന്ന ആളല്ലെന്ന ഉത്തമ ബോധ്യത്തോടെയാണ് അദ്ദേഹത്തെ അപ്പീൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയത്. അതുകൊണ്ട് നടപടി റദ്ദാക്കേണ്ട സാഹചര്യം ഇല്ല.

(സി) ശ്രീ. റ്റി. കെ. ജയരാമനെ ശ്രീ. റ്റി. കെ മൂർത്തിയുടെ മകൻ എന്ന പരിഗണനയിലല്ല വിധികർത്താവാക്കിയത്. മറിച്ച് അദ്ദേഹത്തിന് ഈ വിഷയത്തിലുള്ള പ്രാഗത്ഭ്യത്തിന്റെ അടിസ്ഥാനത്തിലാണ് വിധികർത്താവായി നിശ്ചയിച്ചത്. ഇക്കാര്യത്തിൽ അനൗചിത്യമോ അനീതിയോ ഉള്ളതായി കാണുന്നില്ല.

(ഡി) ഓടക്കുഴൽ, വൃന്ദവാദ്യം.

(ഇ) ഇല്ല.

(എഫ്) യോഗ്യതയില്ലാത്ത ജഡ്ജസിനെ നിയമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് നിലവിലുള്ള പ്രൊഫഷണൽ കോഴ്സുകൾ

79(768) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ചില കോഴ്സുകൾ സംബന്ധിച്ച് 'പ്രൊഫഷണൽ' എന്നു പറയുമ്പോൾ അതിന്റെ നിർവചനമെന്താണെന്ന് വ്യക്തമാക്കുമ്മോ ;

LIBRARY ARCHIVES Kerala Legislative Assembly